July 2019
Vol : 6 Issue No.7

# Bulletin

## Irinjalakuda Diocese





“എന്റെ കർത്താവേ എന്റെ ദൈവമേ”
(യോഹന്നാൻ 20 : 28)

“എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്”
(മത്തായി 25 : 40)

Best Compliments from...

# SAHṚDAYA
## GROUP OF INSTITUTIONS
Managed by Irinjalakuda Diocesan Educational Trust

We promote character, the rest follows...

EDUCATION IS DEDICATION

## SAHṚDAYA
COLLEGE OF ENGINEERING AND TECHNOLOGY

PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
E-mail : info@sahrdaya.ac.in. Website: www.sahrdaya.ac.in

### Courses Offered:
**UG Courses :** BTech in Bio Medical Engineering (BM), Bio Technology (BT), Civil Engineering (CE), Computer Science(CS), Electronics and Communication (EC), Electrical and Electronics (EE),
**PG Courses :** MTech in Embedded Systems (ES), Industrial Bio Technology (IBT), Power Electronics and Drive (PED), Computer Science (CS),

INNOVATION IS INVENTION

## SAHṚDAYA-*tech*

Vidyajyoti Complex, Irinjalakuda, Thrissur, Pin : 680121. Ph : 8289847600
E-mail : sahrdayatech@gmail.com. Website: www.sahrdayatech.org

### Courses Offered:
Civil Service Coaching, Bank Test Coaching;
PSC Test Coaching, Parish Administration Software, Foundation Courses, BTech Tuition Classes.

EVER TO EXCEL

## SAHṚDAYA
COLLEGE OF ADVANCED STUDIES OF ART & SCIENCE

PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
Email : info@sahrdaya.ac.in. Website: www.sahrdaya.ac.in

### Courses Offered:
**UG Courses :** B Com Professional, B Com Computer Application, B Com Finance, B Com Co-Operation B Com Taxation, B Com Banking B Sc Physics, B Sc Computer Science, B Sc Chemistry, B Sc Geology, B Sc Mathematics, B C A, B Sc Psychology, B B A, B A Malayalam with Journalism, B A English with Journalish
**PG Courses :** M Sc Psychology, M Com Finance

LEARN LEAD SERVE

## SAHṚDAYA
INSTITUTE OF MANAGEMENT STUDIES

PB No: 19, Kodakara, Thrissur, Pin : 680684. Ph : 0480 2759275, 7025165333
Email : info@sahrdayasims.ac.in. Website: www.sahrdayasims.ac.in

### MBA @ SIMS Courses Offered:
Financial Management, HR Management, Marketing Management
International Business Management, Tourism & Hospitality Management

# 3rd Death Anniversary

10th July 2019



## Bishop Mar James Pazhayattil

Memorial of a "Good Shepherd"
a Minion of the Sacred Heart of Jesus
who trusted in Divine
Providence and lived for others.



# ആദരാഞ്ജലികൾ

## ഫാ. റോക്കി വാഴപ്പിള്ളി

**ജനനം : 28 ഒക്ടോബർ 1930**
**പൗരോഹിത്യം : 13 മാർച്ച് 1958**
**മരണം : 28 മെയ് 2019**

ഇരിങ്ങാലക്കുട രൂപതാംഗമായ **ഫാ.റോക്കി വാഴപ്പിള്ളി** (88) 28-05-2019 ന് രാവിലെ 5.30ന് നിര്യാതനായി. ആളൂർ, സെന്റ് ജോസഫ് ഇടവകാംഗമായ ബഹു. റോക്കിയച്ചൻ 1930 ഒക്ടോബർ 28ന് വാഴപ്പിള്ളി ജോൺ - നെയ്ത്തി ദമ്പതികളുടെ മകനായി ആളൂരിൽ ജനിച്ചു. തൃശ്ശൂർ തോപ്പ് സെന്റ് മേരിസ് മൈനർ സെമിനാരിയിലും ആലുവ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിലും വൈദികപരിശീലനം നേടി. ദിവംഗതരായ ജോർജ്ജ്, ആന്റണി, ജോസ്, സി. മേരി ജോൺ സി.എച്ച്.എഫ്, സി. ഫെലിസിറ്റ സി.എച്ച്.എഫ്., സി. എൻസ്യൂഡ് സി.എച്ച്.എഫ്. എന്നിവരും, ഫ്രാൻസിസ്, സെബാസ്റ്റ്യൻ, കൊച്ചുത്രേസ്യ എന്നിവരും സഹോദരങ്ങളാണ്. 1958 മാർച്ച് 13 ന് അഭിവന്ദ്യ മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ച അദ്ദേഹം തൃശ്ശൂർ അതിരൂപതയിലെ കോട്ടപ്പടി, പഴുവിൽ എന്നിവിടങ്ങളിൽ അസിസ്റ്റന്റ് വികാരിയായും മതിലകം, വൈലത്തൂർ, ആറ്റുപുറം, കുണ്ടന്നൂർ, ആറ്റത്ര, എലിഞ്ഞിപ്ര ലൂർദ്ദ്, വെള്ളിക്കുളങ്ങര, വേലൂർ ഫൊറോന, മുണ്ടത്തിക്കോട്, തണ്ടിലം, കൊട്ടേക്കാട്, കുറ്റൂർ, കോളേങ്ങാട്ടുക്കര, കുമ്പളേങ്ങാട്, വരടിയം, പറപ്പൂക്കര ഫൊറോന, തൊട്ടിപ്പാൾ, പടിഞ്ഞാറേ ചാലക്കുടി, പോട്ട, പൊയ്യ, കുഴിക്കാട്ടുശ്ശേരി, കരാഞ്ചിറ, എടക്കുളം, പടിയൂർ, കുഴിക്കാട്ടുകോൺ, എന്നിവിടങ്ങളിൽ വികാരിയായും, നിരവധി സന്യാസ ഭവനങ്ങളുടെ കപ്പേളനായും, സ്ക്കൂൾ മാനേജരായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അങ്കമാലി നേത്രബാങ്കിന്റെ വൈസ് പ്രസിഡന്റായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബഹു. റോക്കിയച്ചൻ അന്ധർക്കർഹമായ കാഴ്ച നൽകാൻ തന്റെ കണ്ണുകളും ദാനം ചെയ്തു. 2000 ജനുവരി മുതൽ ചാലക്കുടി സെന്റ് ജോസഫ് വൈദിക മന്ദിരത്തിൽ വിശ്രമ ജീവിതം നയിച്ചുവരികയായിരുന്നു. അപ്പസ്തോലിക് ന്യൂൺഷ്യോ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് പാനികുളം പിതാവിന്റെ നേതൃത്വത്തിൽ ബഹു. റോക്കി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മത്തിന്റെ ആദ്യഭാഗം ആളൂരിലുള്ള തറവാട്ടുഭവനത്തിൽ വച്ച് ഉച്ചയ്ക്ക് 1 മണിയ്ക്ക് നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത്, രാമനാഥപുരം രൂപതാദ്ധ്യക്ഷൻ മാർ പോൾ ആലപ്പാട്ട്, തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവരുടെ സഹകാർമ്മികത്വത്തിലും രണ്ടാംഭാഗം ആളൂർ സെന്റ് ജോസഫ്സ് പള്ളിയിൽ വച്ച് ഉച്ചയ്ക്ക് 2.30 ന് ആരംഭംകുറിച്ചു. തുടർന്ന് ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ സഹകാർമ്മികത്വത്തിലും വി. കുർബ്ബാനയും മൃതസംസ്കാരശുശ്രൂഷയുടെ തുടർന്നുള്ള ഭാഗങ്ങളും നടത്തപ്പെട്ടു.

# Bulletin

MY LORD, MY GOD

DIOCESE OF IRINJALAKUDA

JULY 2019

Vol.: 6 Issue: 7


## ഉള്ളടക്കം


| | | |
|---|---|---|
| 01 | ഇടയശബ്ദം | 06 |
| 02 | സർക്കുലർ | 08 |
| 03 | കച്ചേരിക്കാര്യങ്ങൾ | 13 |
| 04 | സാൻജോസദൻ | 15 |
| 05 | മതബോധനം | 17 |
| 06 | സെന്റ് പോൾസ് മൈനർ സെമിനാരി | 19 |
| 07 | പാക്സ് | 22 |
| 08 | കെ.സി.വൈ.എം. | 23 |
| 09 | ബ്ലസ് എ ഹോം | 25 |
| 10 | മാതൃസംഘം | 26 |
| 11 | സോഷ്യൽ ആക്ഷൻ | 27 |
| 12 | ബൈബിൾ അപ്പസ്തോലേറ്റ് | 31 |
| 13 | അവാർഡ് | 33 |
| 14 | സെന്റ് ജെയിംസ് ഹോസ്പിറ്റൽ | 35 |
| 15 | കരിസ്മാറ്റിക് മൂവ്മെന്റ് | 36 |
| 16 | ബി.എൽ.എം. | 36 |
| 17 | ഹൃദയ പാലിയേറ്റീവ് കെയർ | 37 |
| 18 | മെഴ്സി ട്രസ്റ്റ് | 40 |
| 19 | നവചൈതന്യ | 41 |
| 20 | സ്പിരിച്ച്വാലിറ്റി സെന്റർ | 42 |
| 21 | ഇടയന്റെ നാളെകൾ | 43 |
| 22 | ഇടയന്റെ ഇന്നലെകൾ | 45 |



***Address:***
Eparchial Curia
Bishop's House, P.B. No. 59
Irinjalakuda - 680 121

***Phone:***
0480 2826820, 2826830

***Website & E-mail:***
www.irinjalakudadiocese.com
ijkbph@gmail.com



***Subscription:***
Single Copy : ₹ 12.00
Annual : ₹ 120.00




പ്രിയ സഹോദര വൈദിക സുഹൃത്തുക്കളേ, സ്നേഹമുള്ള സമർപ്പിതരേ, വാത്സല്യ അത്മായ സഹോദരരേ,

മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ അനുസ്മരണം നടത്തുന്ന ദുക്റാന തിരുനാൾ നാം ജൂലൈ 3ന് ആഗോളതലത്തിൽ കൊണ്ടാടുകയാണല്ലോ. തിരുനാളിന്റെ ഹൃദ്യമായ മംഗളങ്ങൾ സ്നേഹപൂർവ്വം നിങ്ങൾക്കേവർക്കും നേരുന്നു. ദുക്റാന തിരുനാളിനു പുറമെ മാർതോമക്രിസ്ത്യാനികൾ പുതുഞായറാഴ്ച തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനതിരുനാളും നവംബർ 21 ന് ഭാരത പ്രവേശന തിരുനാളും ആചരിച്ചുപോരുന്നു. മാർത്തോമാശ്ലീഹ കൊളുത്തിവച്ച വിശ്വാസദീപം നമ്മിലും ഭാരതത്തിലും ലോകത്തെമ്പാടും ഉജ്ജ്വലിപ്പിക്കുകയാണ് ഈ തിരുനാളിന്റെ ലക്ഷ്യം

വിശുദ്ധ ഗ്രന്ഥത്തിൽ തോമാശ്ലീഹായെക്കുറിച്ച് മൂന്ന് പ്രധാനപ്പെട്ട സംഭവങ്ങൾ യോഹന്നാൻ ശ്ലീഹ സുവിശേഷത്തിൽ വിവരിച്ചിട്ടുണ്ട്. യോഹ. 11:16ൽ 'അവനോടൊപ്പം മരിക്കുവാൻ നമുക്കും പോകാം' എന്ന തോമാശ്ലീഹായുടെ വാക്കുകൾ നമുക്കേറെ പ്രചോദനം നൽകുന്നതാണ്. ഈശോയെ കല്ലേറിയുവാൻ ഒരുങ്ങി നിൽക്കുന്നവരുടെയിടയിലേക്ക് ബഥാനിയായിലേക്ക് പോകുവാനൊരുങ്ങുന്ന ഗുരുവിനെ നിരുത്സാഹപ്പെടുത്തുന്ന ശിഷ്യരുടെ മധ്യത്തിലാണ് തോമാശ്ലീഹ ഈ വാക്കുകൾ ഉച്ചരിക്കുന്നത്. ഈശോയിലുള്ള വിശ്വാസത്തിന്റെ പ്രത്യുത്തരമാണ് ഇവിടെ ദർശിക്കുന്നത്. യോഹ 14:6 ലാണ് രണ്ടാമത്തെ സംഭവം വിവരിക്കുന്നത്. ഈശോ പിതാവിങ്കലേക്ക് മടങ്ങി പോകുകയാണെന്നും വഴി അവർക്കറിയാമെന്നും പ്രത്യുത്തരിച്ചപ്പോൾ തോമാശ്ലീഹായുടെ നിഷ്കളങ്കത പ്രകടമാക്കുന്ന ചോദ്യമാണ് ഈ ഭാഗത്ത് വിവരിക്കുന്നത്. "കർത്താവെ നീ എവിടേക്ക് പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ പിന്നെ വഴി എങ്ങനെ ഞങ്ങൾ അറിയും?" അതിനുള്ള ഉത്തരമാണ് ഈശോ അരുളി ചെയ്തത്. 'ഞാനാണ് വഴിയും സത്യവും ജീവനും, എന്നിലൂടെ അല്ലാതെ ആരും പിതാവിനടുത്തേക്ക് വരുന്നില്ല.' വിശ്വാസം ആവശ്യപ്പെടുന്ന ജീവിത സമഗ്രതയും ആത്മാർത്ഥതയുമാണ് തോമാശ്ലീഹായുടെ ചോദ്യത്തിൽ പ്രകടമാകുന്നത്. മൂന്നാമത്തെ സംഭവം യോഹ 20, 28 വിവരിക്കുന്ന തോമാശ്ലീഹാ

യുടെ മഹത്തരമായ വിശ്വാസ പ്രഖ്യാപനമാണ്. 'എന്റെ കർത്താവേ, എന്റെ ദൈവമേ' വിശ്വാസം വാക്കുകളിലൂടെ പ്രഖ്യാപിക്കുന്നത് ജീവിതത്തിൽ സാക്ഷ്യപ്പെടുത്തുമ്പോഴാണ് അത് അർത്ഥസമ്പൂർണ്ണമാകുന്നത്. തോമാശ്ലീഹ ജീവിതത്തിലൂടെ ഈ വിശ്വാസപ്രഖ്യാപനം പ്രകടമാക്കി. ഈശോയുടെ സ്വർഗ്ഗാരോഹണത്തിനും പന്തക്കുസ്താക്കു ശേഷം തോമാശ്ലീഹ രണ്ടു പ്രേഷിത യാത്രകൾ നടത്തി. ഒന്നാമത്തേത് കരമാർഗ്ഗം ഭാരതത്തിന്റെ വടക്കൻ പ്രദേശങ്ങളിലേക്കും രണ്ടാമത്തേത് കടൽമാർഗ്ഗം ഭാരതത്തിന്റെ തെക്കൻ പ്രദേശങ്ങളിലേക്കും.

കരമാർഗ്ഗം വടക്കൻ സംസ്ഥാനങ്ങളിലെ പ്രേഷിത യാത്രക്കു ശേഷം പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിന് സാക്ഷ്യം വഹിച്ച് ജറുസലം കൗൺസിലിനും ശേഷമാണ് രണ്ടാമത്തെ മിഷനറി യാത്ര. എ.ഡി. 52ൽ കടൽ മാർഗ്ഗം കൊടുങ്ങല്ലൂരിൽ വന്നിറങ്ങുകയും ആദ്യത്തെ സഭാസമൂഹം അവിടെ രൂപപ്പെടുത്തുകയും ചെയ്തു. തുടർന്ന് പാലയൂർ, പറവൂർ, കോക്കമംഗലം, നിലയ്ക്കൽ, കൊല്ലം, നിരണം തുടങ്ങിയ പ്രദേശങ്ങളിൽ ക്രൈസ്തവസമൂഹങ്ങൾ രൂപപ്പെടുത്തുകയും തുടർന്ന് ഇന്നത്തെ ചെന്നൈ പ്രദേശത്ത് ചിന്നമലയിൽ വിശ്വാസത്തെ പ്രതി കുന്തത്താൽ കുത്തേൽക്കുകയും പെരിയമലയിൽ വച്ച് വീരമൃത്യുവരിക്കുകയും ചെയ്തു. മൈലാപ്പൂരിലാണ് തോമാശ്ലീഹായെ സംസ്ക്കരിച്ചത്. കല്ലറ ഇന്നും പൂജ്യമായി വണങ്ങിപ്പോരുന്നു. കൂടാതെ കേരളത്തിലെ സപ്ത ദേവാലയങ്ങളും തോമാശ്ലീഹാ യൂടെ തിരുശേഷിപ്പു സൂക്ഷിക്കുന്ന അഴിക്കോടും തോമാശ്ലീഹാ പ്രാർത്ഥിച്ചിരുന്ന മലയാറ്റൂരും തീർത്ഥകേന്ദ്രങ്ങളായി നിലനിൽക്കുന്നു. തോമാശ്ലീഹായുടെ ഭൗതീകാവശിഷ്ടങ്ങൾ മൈലാപ്പൂരിൽ നിന്നും എഫേസ്സയിലേയ്ക്കും അവിടെ നിന്ന് കുരിശുയുദ്ധകാലത്ത് ഓർത്തോണയിലേയ്ക്കും കൊണ്ടു പോയി. ഓർത്തോണയിൽ നിന്നാണ് വലതുകൈയുടെ അസ്ഥി 1952-ൽ കാർഡിനൽ ടിസറന്റ് ഭാരതത്തിന് നൽകുകയും പ്രസ്തുത തിരുശ്ശേഷിപ്പ് അഴിക്കോട് തീർത്ഥകേന്ദ്രത്തിൽ പുജ്യമായി വണങ്ങപ്പെടുകയും ചെയ്യുന്നു.

തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ആചരിക്കുമ്പോൾ നമുക്കും മാർത്തോമാശ്ലീഹായെപ്പോലെ ജീവിതത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാൻ പ്രതിജ്ഞയെടുക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ പിതാവ്

+ Pauly Kannookadan

ഇരിങ്ങാലക്കുട
25.06.2019

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

Prot. No. 0984/2019

**സർക്കുലർ**

# സഭാദിനം - ജൂലൈ 3, 2019

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹ ശുശ്രൂഷകരായ മെത്രാപ്പോലീത്ത മാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജന ത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിവസമായ ജൂലൈ 3 ആണല്ലോ പതിവനുസരിച്ച് സീറോ മലബാർ സഭാദിനമായി ആചരിച്ചു വരുന്നത്. തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ വിശ്വാസം സ്വീകരിച്ച പൂർവ്വിക ന്മാർ നമുക്ക് കൈമാറിത്തന്ന വിശ്വാസത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശിപ്പിക്കാൻ കടപ്പെട്ടവരാണ് നാമെല്ലാ വരുമെന്ന് ദുക്റാന തിരുനാൾ ഓർമ്മപ്പെടു ത്തുന്നു. നമ്മുടെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും സഭാദിനം ആഘോഷി ക്കുമ്പോൾ, കാലഘട്ടത്തിന്റെ പ്രത്യേകതകളിൽ ഈശോമിശിഹായുടെ സുവി ശേഷം ഫലപ്രദമായി പ്രഘോഷിക്കാനുള്ള കൃപയ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ഗാഗുൽത്തായിൽ രക്തം ചിന്തിയവനിലുള്ള വിശ്വാസ ത്താൽ പ്രേരിതനായി മൈലാപ്പൂരിൽ തോമാശ്ലീഹ സ്വന്തം രക്തം ചിന്തി മരണം കൈവരിച്ചതുമുതലാണ് നമ്മുടെ സഭ വളർന്നു തുടങ്ങി യത്. തോമാ ശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ രൂപീ കൃതമായ വിവിധ സഭകളുടെ ഇടയിൽ നമ്മുടെ സഭ പ്രേഷിത പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നു. ഇക്കാരണത്താൽ, നമ്മുടെ പിതാവിനെപ്പോലെ ധീരതയോടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാനുള്ള ദൗത്യം നമുക്കുണ്ട്. അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം (യോഹ. 11:16) എന്ന അപ്പസ്തോലന്റെ വാക്കുകൾ ഈശോയുമായുള്ള ആഴമായ സൗഹൃദത്തിൽ നിന്ന് ശക്തി പ്രാപിച്ചവയായിരുന്നു. ഈശോയെ കൂടുതൽ അറിയാനും കുടുതൽ

സ്നേഹിക്കാനും ആഗ്രഹിച്ച ശ്ലീഹായുടെ ആത്മാർത്ഥത നിറഞ്ഞു നില്ക്കുന്ന സമീപനം സുവിശേഷത്തിൽ കാണുന്നുണ്ട്. കർത്താവേ, നീ എവിടേയ്ക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ, പിന്നെ വഴി ഞങ്ങൾ എങ്ങനെയറിയും? (യോഹ.14:5) എന്ന ചോദ്യവും ഈശോമിശിഹായെ ഏറ്റവും അടുത്തനുഗമിക്കാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹത്തെയാണ് പ്രകടമാക്കുന്നത്. താൻ സ്ഥലത്തില്ലാതിരുന്നപ്പോൾ മറ്റുള്ളവർക്കു നൽകപ്പെട്ട ഉത്ഥിതന്റെ ദർശനം തനിക്കും ലഭിക്കണമെന്ന തീവ്രമായ ആഗ്രഹവും അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈവയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല (യോഹ. 20:25) എന്ന ശാഠ്യവും തോമാശ്ലീഹായുടെ വിശ്വാസത്തിന്റെ വലിയ ഏറ്റുപറച്ചിലായിരുന്നു. ഇപ്രകാരം, ഈശോമിശിഹായോടുള്ള വ്യക്തിപരമായ സ്നേഹവും അടുപ്പവും ഹൃദയത്തിൽ സൂക്ഷിച്ച തോമാശ്ലീഹാ, തന്റെ ഗുരുവിൽ ഉത്ഥിതന്റെ അടയാളങ്ങൾ കണ്ടപ്പോൾ നടത്തിയ എന്റെ കർത്താവേ എന്റെ ദൈവമേ എന്ന വിശ്വാസ പ്രഖ്യാപനം, അദ്ദേഹത്തിന്റെ സ്നേഹവും തീക്ഷ്ണതയും പ്രകടിപ്പിക്കുന്നതായിരുന്നു.

തന്റെ ഗുരുവിനോടുള്ള സ്നേഹവും അടുപ്പവും പരസ്യജീവിതകാലത്തെ സാധാരണ അനുഭവങ്ങളുടെ പരിമിതികൾ കടന്ന് ഉത്ഥാനാനുഭവത്തിലെത്തിയപ്പോഴാണ് തോമാശ്ലീഹായിലെ പ്രേഷിതൻ രൂപപ്പെടുന്നത്. പലസ്തീനായിൽ നിന്ന് കൊടുങ്ങല്ലൂർ വഴി, വിവിധ സ്ഥലങ്ങൾ കടന്ന് മൈലാപ്പൂരിൽ അവസാനിച്ച തോമാശ്ലീഹായുടെ പ്രേഷിത യാത്ര ആധുനിക സമൂഹത്തിന്റെ വിശാല വഴികളിലൂടെ തുടരാൻ വിളിക്കപ്പെട്ടവരാണ്, സഭാമക്കളായ നമ്മൾ എല്ലാവരും. നമ്മുടെ സഭയും തോമാശ്ലീഹായിൽ നിന്ന് വിശ്വാസം സ്വീകരിച്ച ഇതരസഭകളും ഈ ദൗത്യം തുടരുന്നുണ്ട്. തോമാശ്ലീഹായുടെ വിശ്വാസ തീക്ഷ്ണതയും അദ്ദേഹം ജീവിച്ച കാലഘട്ടത്തിന്റെ വെല്ലുവിളികളും അതിന്റെ ഫലമായ രക്തസാക്ഷിത്വവും നമ്മുടെ സുവിശേഷപ്രചരണ സംരംഭങ്ങളിൽ കാലാനുസൃതമായി പ്രതിഫലിക്കണം.

സഭാദിനാചരണത്തിന്റെ പശ്ചാത്തലത്തിൽ, സീറോമലബാർ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെയും അവ ലോകത്തിനു നല്കിയ നിരവധി ഫലങ്ങളെയും ഓർത്ത് നന്ദി പറയാം. ലോകമെമ്പാടും ഇന്ന്

സീറോമലബാർ സഭയുടെ മക്കൾ സജീവസാക്ഷ്യം നല്കി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നത് സന്തോഷകരമായ യാഥാർത്ഥ്യമാണ്. നമ്മുടെ സഭയിൽനിന്നുള്ള മെത്രാന്മാരും വൈദികരും സമർപ്പിതരും മറ്റ് വ്യക്തിസഭകളിൽ ഫലപ്രദമായ അജപാലന –പ്രേഷിത ശുശ്രൂഷകൾ ചെയ്യുന്നതും അഭിമാനാർഹമായ കാര്യമാണ്. മാർതോമ്മാ ശ്ലീഹാ തെളിയിച്ചുതന്ന വിശ്വാസദീപം ലോകമാസകലം പ്രകാശിപ്പി ക്കാനുള്ള പ്രവർത്തനങ്ങൾ തീക്ഷ്ണതയോടെ നമുക്കു തുടരാം. ഭാരതം മുഴുവനിലും പ്രേഷിതപ്രവർത്തനം നടത്തുവാനുള്ള അവസരം ലഭിച്ച നമ്മുടെ സഭ പ്രേഷിത ചൈതന്യത്തിൽ കൂടുതൽ വളരേണ്ടതുണ്ട്. ഗൾഫ്, സിംഗപ്പൂർ, ആഫ്രിക്കയിലെ ചില രാജ്യങ്ങൾ എന്നിവിട ങ്ങളിലെ നമ്മുടെ വിശ്വാസികൾക്കും കൂടി നമ്മുടെ സഭയുടെ തനതായ അജപാലന സൗകര്യങ്ങൾ അവയുടെ പൂർണ്ണതയിൽ ലഭിക്കുന്നതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം.

ഏതൊരു പ്രേഷിതപ്രവർത്തനവും ആത്മാർത്ഥതയോടെ ഏറ്റെടു ക്കുകയും പ്രതിബദ്ധതയോടെ തുടരുകയും ചെയ്യണമെങ്കിൽ അയച്ച വനോടുള്ള ബന്ധവും വിശ്വസ്തതയും സജീവമായി നിലനിർത്തണം. ആധുനിക സമൂഹത്തിന്റെ പ്രായോഗിക സംസ്കാരത്തിൽ, ചില തത്വചിന്തകളും ദൈവശാസ്ത്ര സമീപനങ്ങളും ഈ വിശ്വസ്തതയ്ക്ക് എതിരായി നിൽക്കുന്നുണ്ട്. ഈശോയുടെ രക്ഷാകര ദൗത്യം തങ്ങളോടു തന്നെയും വിശ്വാസസമൂഹത്തോടും പൊതുസമൂഹത്തോടും ഫലപ്രദമായി പ്രഘോഷിക്കാൻ എല്ലാ സഭാംഗങ്ങൾക്കും സാധിക്കണം.

വർത്തമാനകാലത്തിൽ സഭയുടെ പ്രേഷിത സ്വ ാവത്തെയും ദൗത്യത്തെയും ലോകത്തിനു മുൻപിൽ അവതരിപ്പിക്കുന്നതിൽ ഫ്രാൻസിസ് മാർപാപ്പ എപ്പോഴും ശ്രദ്ധാലുവാണ്. യുവജനങ്ങൾക്കു വേണ്ടി റോമിൽ നടന്ന പ്രത്യേക സിനഡിനുശേഷം പുറത്തിറക്കിയ ക്രിസ്തു ജീവി ക്കുന്നു (*Christus vivit*) എന്ന അപ്പസ്തോലിക പ്രബോധനം മാർപാപ്പയുടെ ലോകത്തോടുള്ള ശക്തമായ സുവിശേഷ പ്രഘോഷണമാണ്. ഈ അപ്പസ്തോലിക പ്രബോധനത്തിൽ ഏതൊരു ക്രൈസ് തവനും വിശ്വസിക്കേണ്ടതും ജീവിക്കേണ്ടതും പ്രഘോഷിക്കേണ്ടതുമായ മൂന്ന് സത്യങ്ങളെ അവതരിപ്പിക്കുന്നുണ്ട്. ദൈവം നിന്നെ സ്നേഹിക്കുന്നു, ക്രിസ്തുവാണ് രക്ഷകൻ, ക്രിസ്തു ജീവിക്കുന്നു എന്നിവയാണ് മാർപാപ്പ ലോകത്തോട് പ്രഘോഷിക്കുന്ന

സുവിശേഷ സത്യങ്ങൾ. ഉപഭോഗ മരണസംസ്കാരങ്ങൾ ആധുനിക മനുഷ്യന്റെ നിഷേധാത്മകതയെ വളർത്തി സുവിശേഷമൂല്യ ങ്ങളിൽ നിന്നും സഭയിൽനിന്നും അകറ്റുമ്പോൾ രക്ഷകനായ ക്രിസ്തു ഇന്നും ജീവിക്കുന്നവനാണെന്നു പ്രഘോഷിക്കുന്നതാണല്ലോ വിമോചന ത്തിന്റെ സുവിശേഷം. എല്ലാ പ്രേഷിതപ്രവർത്തനങ്ങളും അടിസ്ഥാന മിടേണ്ടതും അർത്ഥം കണ്ടെത്തേണ്ടതും ഈ സത്യത്തിൽ നിന്നാണ്. ഈ കാലഘട്ടത്തിലും നമ്മൾ പ്രഘോഷിക്കേണ്ടതും ജീവിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമായ സത്യവും ഇതുമാത്രമാണ്.

ദൈവം നല്കിയ അനുഗ്രഹങ്ങൾക്കിടയിലും ഇനിയും ആത്മ പരിശോധനയ്ക്ക് വിഷയമാക്കേണ്ട കാര്യങ്ങൾ നമ്മുടെ മുൻപിലുണ്ട്. സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും ഇടപെടലുകളിലും സുവി ശേഷത്തിന്റെ കലർപ്പില്ലാത്ത സന്ദേശം പകർന്നുകൊടുക്കുവാൻ നമുക്കു കഴിയണം. ആദിമസഭയിലുണ്ടായിരുന്ന പങ്കുവയ്ക്കൽ മനോഭാവം വിവിധ സഭാസംവിധാനങ്ങളിലും സ്ഥാപനങ്ങളുടെ നടത്തിപ്പിലും വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിലും നയരൂപീകരണ ത്തിലും കൂടുതൽ പ്രകടമാകേണ്ടതുണ്ട്. ചരിത്രത്തിലൂടെ ദീർഘയാത്ര തുടരുന്ന ഇന്നത്തെ സഭ, ആദിമസഭയുടെ ജാഗ്രതയും തീക്ഷ്ണതയും കൈമോശം വരാതെ കാത്തുസൂക്ഷിക്കണം. മണവാളൻ എപ്പോൾ വരുമെന്ന് നിശ്ചയമില്ലാത്ത തിനാൽ, വിളക്കണയാതിരിക്കാൻ എണ്ണ കരുതി സ്വീകരിക്കാൻ കാത്തിരിക്കുന്ന കന്യകമാരുടെ ജാഗ്രത സഭയുടെ എല്ലാ മേഖലകളിലും ഉറപ്പു വരുത്തുവാൻ കൂട്ടായ്മയോടെ പ്രവർത്തി ക്കേണ്ടതുണ്ട്. ദൈവം ഈ ലോകം മുഴുവനെയും സ്നേഹിക്കുന്നു വെന്നും ദൈവപുത്രനായ ഈശോമിശിഹായാണ് നമ്മുടെ രക്ഷക നെന്നും ഈ രക്ഷകൻ ഇന്നും ജീവിക്കുന്നുവെന്നും ഫലപ്രദമായി പ്രഘോഷിക്കുവാൻ നമുക്ക് സാധിക്കണം.

ഈ പ്രഘോഷണത്തിലും സാക്ഷ്യത്തിലും നമുക്കു വന്നുപോയ പോരായ്മകളെ എളിമയോടെ അംഗീകരിക്കാം. തെറ്റി ദ്ധാരണകളെയും വിമർശനങ്ങളെയും എതിർപ്പുകളെയും ഈശോ യുടെ ശൈലിയിൽ സ്വീകരിക്കാൻ സാധിക്കണം. നാമെല്ലാവരും വിശുദ്ധിയിലേയ്ക്ക് വളരാൻ വിളിക്കപ്പെട്ടവരാണെന്ന സത്യം ആനന്ദിച്ച് ആഹ്ളാദിക്കുവിൻ എന്ന തന്റെ ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നുണ്ട്. വിശുദ്ധിയെന്നത് നമ്മുടെ ദുർബലതയും ദൈവിക കൃപയുടെ ശക്തിയും തമ്മിലുള്ള കണ്ടുമുട്ട

ലാണ്. നമ്മുടെ പരിമിതികളിൽ നിന്നും കുടുതൽ ഉയരത്തിലേയ്ക്കു നോക്കാൻ വേണ്ടി, ദൈവത്താൽ സ്നേഹിക്കപ്പെടാനും, വിമോചിതരാകാനും വിട്ടുകൊടുക്കുന്നതിൽ നമുക്ക് ഭയപ്പെടാതിരിക്കാം (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, നമ്പർ 34). എല്ലാ ക്ലേശ ങ്ങൾക്കുമിടയിൽ ആനന്ദം നല്കുന്ന രക്ഷയുടെ പ്രത്യാശ നമുക്ക് മുറുകെപിടിക്കാം.

നമ്മുടെ സഭാദിനാചരണവേളയിൽ നിങ്ങൾക്കെഴുതുമ്പോൾ സുപ്രധാനമായ ചില വാർത്തകൾ കൂടി പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. തിരുകുടുംബ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകയും നമ്മുടെ സഭാംഗവുമായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ അടുത്ത ഒക്ടോബർ മാസത്തിൽ വിശുദ്ധ പദവിയിലേയ്ക്കുയർത്തപ്പെടുമെന്ന് നമുക്ക് അറിവു ലഭിച്ചിട്ടുണ്ട്. അതുപോലെ കാനഡയിലെ മിസിസാഗ എക്സാർക്കേറ്റ്, രൂപതയായി പരിശുദ്ധ പിതാവ് ഉയർത്തിയ വിവരം നിങ്ങൾ അറിഞ്ഞു കാണുമല്ലോ. രൂപതയുടെ ഉദ്ഘാടന ചടങ്ങിലും പ്രഥമ മെത്രാന്റെ സ്ഥാനാരോഹണ കർമ്മത്തിലും ഞാൻ പങ്കെടുത്തിരുന്നു. മൂന്നാമത്തേത്, വരുന്ന ഒക്ടോബർ മാസത്തിൽ, നമ്മുടെ സഭയിലെ പിതാക്കന്മാരെല്ലാം ആദ്ലിമിന(*Adlimina*) സന്ദർശനത്തിനായി റോമിലേയ്ക്ക് പോകുന്നു എന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനയിൽ നമ്മുടെ സഭയുടെ എല്ലാ നിയോഗങ്ങളെയും എളിയവനായ എന്നെയും ഓർക്കുന്നതിന് നന്ദി പറയുന്നു. ആഗസ്റ്റ് മാസം നടക്കാനിരിക്കുന്ന നമ്മുടെ സഭയുടെ സിനഡിനു വേണ്ടിയും നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. നമ്മുടെ പിതാവായ തോമാശ്ലീഹായെപ്പോലെ ഉത്ഥിതനായ ഈശോയെ നാഥനും രക്ഷകനുമായി ഏറ്റു പറഞ്ഞ്, ഈശോ ഇന്നും ജീവിക്കുന്നു എന്ന ഉറച്ച ബോദ്ധ്യത്തിൽ നമ്മുടെ എല്ലാ ജീവിത സാഹചര്യങ്ങളിലും പ്രേഷിത ചൈതന്യത്തിൽ മുന്നേറാൻ നിരന്തരം പരിശ്രമിക്കാം. ദുക്റാന തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

+ കർദിനാൾ ജോർജ് ആലഞ്ചേരി

സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്

---

NB:- ഈ ഇടയലേഖനം ജൂലൈമാസത്തിലെ ആദ്യഞായറാഴ്ച കുർബാന മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.




1. **Appointments and Relieving Orders**

**Rev. Fr. Bitto Thalakottur OFM Cap. :** Relieved Asst. Vicar of Infant Jesus Church, Kallettumkara w.e.f. 31st May 2019.

**Rev. Fr. Sinto Poulose Chakkalakal OFM Cap.:** Appointed Asst. Vicar of Infant Jesus Church, Kallettumkara w.e.f. 31st May 2019.

**Rev. Fr. Gilson Payyappilly:** Granted leave to attend Italian Language course w.e.f. 3rd June, 2019.

**Rev. Fr. Sibu Kallaparambil:** Relieved Acting Vicar Fathimanadha Church, Mannukad and appointed as Acting Vicar, St. Sebastian's Church, Vadachira w.e.f. 3rd June, 2019.

**Rev. Fr. Jiffin Kaitharath :** Without prejudice to all your present assignments, Appointed as Acting Vicar, St. Antony's Church, PaduaNagar w.e.f. 28th May till 15th June 2019.

**Rev. Fr. Tenny Parackal CMI :** Relieved Chaplain, Karunya Bhavan C.S.S. Convent, Pullur w.e.f. 11th June 2019.

**Rev. Fr. Binu Kuttikkadan CMI:** Appointed Chaplain, Karunya Bhavan C.S.S. Convent, Pullur w.e.f. 11th June 2019.

**Rev. Fr. Rinto Payyappilly :** Granted Study leave for three years w.e.f. 22nd June 2019.

**Rev. Fr. Seemon Kanjithara:** Appointed Acting Vicar Fathimanadha Church, Fathima Nagar, Mannukad w.e.f. 22nd June 2019.

2. **Diaconal Internship**

**Rev. Dn. Rinto Mathew Mukkattukavunckal O.S.S.T.:** Mary Immaculate Church, Kuzhikattussery w.e.f. 1st June 2019 to 5th October 2019.

3. **ജൂലൈ 3 ബുധൻ : മാർത്തോമാശ്ലീഹായുടെ ദുക്റാനതിരുനാൾ (സീറോ മലബാർ സഭാദിനം)**

ഭാരതത്തിൽ ക്രിസ്തീയ വിശ്വാസദീപം തെളിയിച്ച മാർ തോമാശ്ലീഹായുടെ അനുസ്മരണദിനം നമുക്ക് സാഘോഷം കൊണ്ടാടാം. തോമാശ്ലീഹായുടെ മാദ്ധ്യസ്ഥം നമുക്ക് യാചിക്കാം.

മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ പ്രവർത്തനങ്ങൾക്കു വേണ്ടി **ഇടവകയിലെ ആളൊന്നിന് രണ്ടു രൂപ വീതം** പ്രത്യേക വിഹിതം ജൂലൈ 30ന് മുമ്പ് രൂപതാഫൈനാൻസ് ഓഫീസിൽ ഏല്പിക്കുമല്ലോ.

4. **മാസധ്യാനം - പ്രസ്ബിത്തേരിയം: ജൂലൈ 4 വ്യാഴം**

ജൂലായ് മാസത്തെ വൈദികരുടെ മാസധ്യാനവും പ്രസ്ബിത്തേരിയവും ജൂലായ് 4-ാം തിയ്യതി വ്യാഴാഴ്ച രൂപതാഭവനത്തിൽ വച്ചായിരിക്കും. രാവിലെ 10 മണിക്ക് ജപമാലയോടുകൂടി ആരംഭിക്കുന്ന മാസധ്യാനത്തിൽ തുടക്കം മുതൽ തന്നെ സംബന്ധിക്കുവാൻ എല്ലാ വൈദികരും പരിശ്രമിക്കണേ. മാസധ്യാനദിവസങ്ങളിൽ രാവിലെ 10 മുതൽ 3 വരെ ഇടവകകളിൽ മറ്റു പ്രോഗ്രാമുകളൊന്നും ഏറ്റെടുക്കാതിരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

5. **ജൂലൈ 8 : യുവജനദിനം**

ഇടവക പ്രവർത്തനങ്ങളിൽ യുവജനപങ്കാളിത്തം ഉറപ്പ് വരുത്തുക.

6. **അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ മൂന്നാം ചരമ വാർഷികം :** ജൂലൈ 10-ാം തിയ്യതി ബുധനാഴ്ച മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ മൂന്നാം ചരമ വാർഷികം ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രലിൽ ആചരിക്കുന്നു. വൈകീട്ട് 5 മണിക്ക് അനുസ്മരണ ദിവ്യബലി തുടർന്ന് കബറിടത്തിൽ ഒപ്പീസ്.

7. **കൈക്കാരന്മാരുടെ സംഗമം : ജൂലൈ 20 ശനി**

ജൂലൈ 20-ാം തിയ്യതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ 2019-2020 കാലഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കൈക്കാരന്മാരുടെ മീറ്റിംഗ് ഇരിങ്ങാലക്കുട ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തുന്നു.

8. **ജൂലൈ 28 :** വി. അൽഫോൻസാമ്മയുടെ തിരുനാൾ

9. **വിയാനിയുടെ തിരുനാളും ജൂബിലിയാഘോഷവും :** ആഗസ്റ്റ് 3 ശനിയാഴ്ച വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷവും, വൈദിക സംഗമവും, ബഹു. വൈദികരുടെ ജൂബിലിയാഘോഷവും കല്ലേറ്റുംകര PACS-ൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 10 മണിക്ക് തന്നെ എല്ലാ വൈദികരും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ.

10. **പഞ്ചദിന ക്യാമ്പ് :** ഈ വർഷത്തെ പഞ്ചദിന ക്യാമ്പ് ഒന്നാം ബാച്ച് **സെപ്തംബർ 16 മുതൽ 20 (തിങ്കൾ-വെള്ളി)** വരെയും, രണ്ടാം ബാച്ച് 23 മുതൽ 27 **(തിങ്കൾ-വെള്ളി)** വരെയും നടത്തപ്പെടുന്നു.

രൂപതാ കാര്യാലയം<br>20. 06. 2019

**മോൺ. ആന്റോ തച്ചിൽ**<br>വികാരി ജനറാൾ

# പാസ്റ്ററൽ കൗൺസിൽ സമ്മേളനം

## 15-ാം പാസ്റ്ററൽ കൗൺസിൽ പ്രഥമ സമ്മേളനം
## 2019 ജൂലൈ 13 രണ്ടാം ശനി, രാവിലെ 10 മണിക്ക്
## രൂപതാഭവനത്തിൽ

2019 ജൂലൈ 13-ാം തിയ്യതി ശനിയാഴ്ച രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 3.30 മണി വരെ രൂപതാഭവനത്തിൽ സമ്മേളിക്കുന്ന 15-ാം പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമയോഗത്തിൽ എത്തിച്ചേർന്ന് എല്ലാ അംഗങ്ങളും സത്യപ്രതിജ്ഞ ചെയ്തു ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതാണ്.

ഇരിങ്ങാലക്കുട രൂപതയുടെ 2019-2022 കാലഘട്ടത്തിലെ 15-ാം പാസ്റ്ററൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരും നാമനിർദ്ദേശം ചെയ്യപ്പെട്ടവരും ഉദ്യോഗവശാൽ അംഗത്വമുള്ള എല്ലാ അംഗങ്ങളെയും പ്രഥമ യോഗത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം, + Pauly Kannookadan

**മാർ പോളി കണ്ണൂക്കാടൻ**

ഇരിങ്ങാലക്കുട രൂപത മെത്രാൻ

# സാൻജോസദൻ

**1. 2019 ജൂലൈ മാസത്തെ പരിപാടികൾ**

| | | |
|---|---|---|
| 03 | : | ഭാര്യമാർക്കുള്ള ക്ലാസ്സ് |
| 05 | : | സ്റ്റാഫ് മീറ്റിങ്ങ് |
| 17 | : | ഭാര്യമാർക്കുള്ള ക്ലാസ്സ് |
| 19 | : | പ്രാർത്ഥനാദിനം |
| 21 | : | എ.എ. + അൽ-അനോൺ മീറ്റിങ്ങ് |
| 26 | : | ഫീൽഡ് വിസിറ്റ് |
| 31 | : | ഭാര്യമാർക്കുള്ള ക്ലാസ്സ് |

**2. സാൻജോസദൻ ഇന്നലെകൾ**

മെയ് മാസത്തിൽ 21 പേർ ചികിത്സ സ്വീകരിച്ച് ലഹരി വിമുക്ത ജീവിതം നയിക്കുന്നു. 2019 മെയ് 19ന് നടന്ന എ.എ. അൽ-അനോൺ മീറ്റിങ്ങിൽ ഏകദേശം 70 പേർ പങ്കെടുത്തു. ഡയറക്ടർ ഫാ. ജോമോൻ കൂനൻ ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നൽകുകയും തുടർന്ന് ശ്രീ. സേവ്യർ പള്ളിപ്പാട്ട് ക്ലാസ്സ് നയിച്ചു. വാർഷികം ആഘോഷിക്കാൻ വന്ന 2 പേർക്ക് മെഡൽ കൊടുത്ത് ആദരിച്ചു. സ്നേഹവിരുന്നിനുശേഷം എല്ലാവരും തിരിച്ചുപോവുകയും ചെയ്തു.

**ഫാ. ജോമോൻ കൂനൻ**

ഡയറക്ടർ

# അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ മൂന്നാം ചരമവാർഷികം

**2019 ജൂലൈ 10 ബുധനാഴ്ച 5 PM**

**സെന്റ് തോമസ് കത്തീഡ്രൽ, ഇരിങ്ങാലക്കുട**

---

സ്നേഹ ബഹു. അച്ചാ / സിസ്റ്റർ / സുഹൃത്തേ,

ഇരിങ്ങാലക്കുട രൂപതാഭവനത്തിൽനിന്നും പ്രാർത്ഥനാശംസകൾ!

നമ്മുടെ രൂപതയുടെ പ്രഥമ രൂപതാദ്ധ്യക്ഷനായി 32 വർഷത്തെ മേല്പ്പട്ടശുശ്രൂഷയിലൂടെ രൂപതയ്ക്ക് അജപാലനനേതൃത്വം നല്കിയ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ മൂന്നാം ചരമവാർഷികം 2019 ജൂലൈ 10-ാം തിയ്യതി ബുധനാഴ്ച്ച ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രലിൽ 5 മണിക്ക് വി. കുർബ്ബാനയോടും തുടർന്ന് അഭിവന്ദ്യപിതാവിന്റെ കല്ലറയിലുള്ള ഒപ്പീസിനോടും കൂടെ അനുസ്മരണദിനമായി ആചരിക്കുന്നു.

രൂപതയിലെ എല്ലാ വൈദികർ, മേജർ സുപ്പീരിയേഴ്സ്, കൗൺസിലേഴ്സ്, സന്യാസഭവനങ്ങളിലെ സുപ്പീരിയേഴ്സ്, 2019–2022 ലെ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, നടത്തുകൈക്കാരന്മാർ, ഇടവക കേന്ദ്രസമിതി പ്രസിഡണ്ടുമാർ, രൂപത ഏകോപനസമിതി അംഗങ്ങൾ, ബ്രദേഴ്സ്, പഴയാറ്റിൽ കുടുംബാംഗങ്ങൾ എന്നിവരെ അനുസ്മരണബലിയിലേയ്ക്കും മറ്റ് ശുശ്രൂഷാകർമ്മങ്ങളിലേക്കും ഏറെ ഹൃദ്യമായി ക്ഷണിക്കുന്നു. താങ്കളുടെ മഹനീയസാന്നിധ്യം കൊണ്ട് അനുഗ്രഹിക്കണെ.

മിശിഹായിൽ സ്നേഹപൂർവ്വം

+ Pauly Kannookadan

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

ഇരിങ്ങാലക്കുട രൂപതാഭവനം
20.06.2019

**1. അനുമോദനവും സമ്മാനവിതരണവും :** 2018-2019 മതബോധന വർഷത്തിലെ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയവരെയും മതബോധന യൂണിറ്റുകളെയും അനുമോദിക്കുന്നതിന് ജൂലൈ 3-ാം തിയയതി ബുധനാഴ്ച ഉച്ചതിരിഞ്ഞ് 2 മണിക്ക് വിദ്യാജ്യോതി ഓഡിറ്റോറിയത്തിൽ ഒന്നിച്ചുകൂടുന്നു. അനുമോദനയോഗത്തിൽവച്ച് അവാർഡിനർഹരായ യൂണിറ്റുകൾക്ക് ട്രോഫികളും, റാങ്ക് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും, 25,50 വർഷം പൂർത്തിയാക്കിയ അദ്ധ്യാപകർക്ക് പേപ്പൽ പുരസ്കാരവും അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് സമ്മാനിക്കുന്നു.

**2.** സൺഡേ സ്കൂൾ മതബോധനം, വചനം എന്റെ ജീവൻ, മതാദ്ധ്യാപക പരീക്ഷ എന്നിവയിൽ രൂപതാതലത്തിൽ നടത്തിയ പരീക്ഷകളിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടി ട്രോഫി കരസ്ഥമാക്കിയ യൂണിറ്റുകൾ.

1. സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന ചർച്ച്, കുറ്റിക്കാട്
2. സെന്റ് തോമസ് കത്തീഡ്രൽ (ഡോൺ ബോസ്കോ യൂണിറ്റ്)
3. സെന്റ് മേരീസ് ചർച്ച്, ദയാനഗർ

**3.** വർഷാരംഭ റിപ്പോർട്ട്, സ്റ്റാഫ് ലിസ്റ്റ് എന്നിവ ഇനിയും നൽകാത്തവർ എത്രയും വേഗം വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതണ്. കൂടാതെ മതബോധന കൗൺസിൽ, രക്ഷാകർതൃ സമിതി ലിസ്റ്റ്, യൂണിറ്റ് വാർഷിക റിപ്പോർട്ട് എന്നിവ ജൂലൈ 31-ാം തിയ്യതിക്കുള്ളിൽ മതബോധന കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**4. എൻലൈറ്റ് 2019**

Std. I, II, III, IV ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന മതാദ്ധ്യാപകർക്കു വേണ്ടി ജൂലൈ മാസത്തിൽ നിശ്ചയിക്കപ്പെട്ട തിയ്യതികളിൽ ടെക്സ്റ്റ് ബുക്ക്, മതാദ്ധ്യാപക സഹായി, മതബോധന രീതികൾ എന്നിവ പരിചയപ്പെടാനായി 'എൻലൈറ്റ് 2019' എന്ന പേരിൽ 'ഒരു ദിവസ'ത്തെ പരിശീന പരിപാടി വിദ്യാജ്യോതിയിൽവെച്ച് രാവിലെ 9.30 മുതൽ വൈകീട്ട് 4 വരെ സംഘടിപ്പിച്ചിരിക്കുന്നു. അന്നേദിവസം വി. കുർബ്ബാനയും ഭക്ഷണവും വിദ്യാജ്യോതിയിൽ ക്രമീകരിക്കുന്നതായിരിക്കും. ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നത് സീറോ മലബാർ കാറ്റക്കെറ്റിക്കൽ ടീമായിരിക്കും.

എൻലൈറ്റ് 2019 നടക്കുന്ന ദിവസങ്ങൾ

Std. IV ലെ അദ്ധ്യാപകർക്ക് - ജൂലൈ 7 ഞായർ

Std. III ലെ അദ്ധ്യാപകർക്ക് - ജൂലൈ 14 ഞായർ

Std. II ലെ അദ്ധ്യാപകർക്ക് - ജൂലൈ 21 ഞായർ

Std. I ലെ അദ്ധ്യാപകർക്ക് - ജൂലൈ 28 ഞായർ

**5. യൂണിറ്റ് സന്ദർശനം**

രൂപത മതബോധന ആനിമേറ്റേഴ്സ് ടീം അംഗങ്ങൾ ആഗസ്റ്റ് 4-ാം തിയ്യതി ഞായറാഴ്ച മുതൽ യൂണിറ്റുകൾ സന്ദർശിക്കുന്നതാണ്. സന്ദർശനം നടത്തുവാൻ ഉദ്ദേശിക്കുന്ന തിയ്യതി മുൻകൂട്ടി യൂണിറ്റുകളെ അറിയിക്കുന്നതാണ്. യൂണിറ്റ് സന്ദർശനത്തിന് പുറമെ ഓരോ ഫൊറോനയിലെയും തിരഞ്ഞെടുക്കപ്പെടുന്ന ഏതാനും യൂണിറ്റുകൾ രൂപത മതബോധന ഡയറക്ടർ സന്ദർശിക്കുന്നതാണ്.

**6. രക്ഷാകർതൃസമ്മേളനം (പി.ടി.എ.):** ആഗസ്റ്റ് 10-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2 മണിവരെ വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽവെച്ച് പി.ടി.എ. പ്രസിഡന്റുമാരുടെ സമ്മേളനം നടത്തുന്നതാണ്. എല്ലാ യൂണിറ്റുകളിലെയും പി.ടി.എ. പ്രസിഡന്റുമാർ ഈ മീറ്റിങ്ങിൽ സംബന്ധിക്കേണ്ടതാണ്.

## Daily Catechism & Moral Science

**1. അവാർഡ് ദാനം :** 2018-2019 അദ്ധ്യയനവർഷത്തിൽ സ്കൂൾ മതബോധന സ്കോളർഷിപ്പ് പരീക്ഷയിൽ റാങ്ക് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡും ട്രോഫികളും ജൂലൈ 2-ാം തിയ്യതി ചൊവ്വാഴ്ച ഉച്ചക്ക് 2 ണിക്ക് വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽവച്ച് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് നൽകുന്നതാണ്. ഏവരെയും ഈ പ്രസ്തുത ചടങ്ങിലേക്ക് ക്ഷണിക്കുന്നു.

**2. ട്രോഫി ജേതാക്കൾ :** രൂപത സ്കോളർഷിപ്പ് പരീക്ഷയിൽ കൂടുതൽ പോയിന്റുകൾ നേടി റോളിംഗ് ട്രോഫികൾക്ക് അർഹരായ സ്കൂളുകൾ.

| Section | School |
|---|---|
| L.P. | St. Xaviers CLPS, Mapranam |
| U.P. | St. Don Bosco GHS, Kodakara |
| H.S. | SHCGHS, Chalakudy |

**ഫാ. ടോം മാളിയേക്കൽ**
ഡയറക്ടർ

## സെന്റ് പോൾസ് മൈനർ സെമിനാരി

**1. New Comers Day :** ഈ വർഷം പുതിയതായി സെമിനാരി പരിശീലനത്തിനായി തിരഞ്ഞെടുക്കപ്പെട്ട 16 വൈദിക വിദ്യാർത്ഥികൾ 2019 മെയ് 30-ാം തിയ്യതി വ്യാഴാഴ്ച വൈകീട്ട് 3 മണിക്ക് സെമിനാരിയിൽ എത്തിചേർന്നു. സെമിനാരി റെക്ടർ റവ.ഫാ. വിൻസെന്റ് പാറയിൽ റോസാപൂക്കൾ നൽകി വൈദിക വിദ്യാർത്ഥികളെ സെമിനാരിയിലേക്ക് സ്വാഗതം ചെയ്തു. അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് പ്രാർത്ഥന ശുശ്രൂഷ നടത്തി അവരെ സെമിനാരിയിലേക്ക് സ്വീകരിച്ചു.

**2. മാസധ്യാനം :** ജൂൺ മാസത്തെ മാസധ്യാനം ജൂൺ 1, 2 തിയ്യതികളിൽ നടത്തപ്പെട്ടു. റവ.ഫാ. ദിലീപ് വിതയത്തിൽ ധ്യാനചിന്തകൾ പങ്കുവെച്ചു.

**3. ക്ലാസ്സുകൾ :** രണ്ട്, മൂന്ന് വർഷ വിദ്യാർത്ഥികൾക്ക് ജൂൺ 3 തിങ്കളാഴ്ച റഗുലർ ക്ലാസ്സുകൾ ആരംഭിച്ചു. അന്നുതന്നെ ഒന്നാം വർഷക്കാർക്കുള്ള ഓറിയന്റേഷൻ ക്ലാസ്സുകളും ആരംഭിച്ചു.

**4. വാ. മറിയം ത്രേസ്യയുടെ തിരുനാൾ :** ജൂൺ 8-ാം തിയ്യതി ശനിയാഴ്ച വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ കബറിടം സന്ദർശിക്കുകയും തിരുകർമ്മങ്ങളിൽ പങ്കുചേരുകയും ചെയ്തു.

**5. അക്കാദമി ഉദ്ഘാടനം :** സെമിനാരി വിദ്യാർത്ഥികളുടെ കലാസാഹിത്യ വാസനകളെ ഉണർത്താനുള്ള പരിശീലന വേദിയായ മലയാളം - ഇംഗ്ലീഷ് അക്കാദമി beam - നിലാവ് 2019 ജൂൺ 16-ാം തിയ്യതി ഞായറാഴ്ച ഉദ്ഘാടനം ചെയ്തു. തുടർന്ന് സെമിനാരി വിദ്യാർത്ഥികളുടെ പ്രസംഗങ്ങളും നാടകങ്ങളും ഉണ്ടായിരുന്നു.

**6. നാമഹേതുക തിരുനാൾ :** സെമിനാരി ആത്മീയ പിതാവായ റവ. ഫാ. ജോൺസൻ മാനാടന്റെ സ്വർഗ്ഗീയ വിശുദ്ധനായ സ്നാപക യോഹന്നാന്റെ തിരുനാൾ ദിനമായ ജൂൺ 24-ാം തിയ്യതി വൈദിക വിദ്യാർത്ഥികൾ എല്ലാവരും ചേർന്ന് തിരുനാൾ ആഘോഷിച്ചു.

**7. തിരുഹൃദയ തിരുനാൾ :** ജൂൺ 28 വെള്ളിയാഴ്ച ഈശോയുടെ തിരുഹൃദയ തിരുനാൾ ആഘോഷിച്ചു. തിരുഹൃദയ പ്രതിഷ്ഠ പുതുക്കി.

**8. സെന്റ് പോൾ ദിനം :** സെമിനാരി സ്വർഗ്ഗീയ മദ്ധ്യസ്ഥനും അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവിന്റെ നാമഹേതുക വിശുദ്ധനുമായ പൗലോസ് ശ്ലീഹായുടെ തിരുനാൾ ജൂൺ 29 ശനിയാഴ്ച സെമിനാരി കുടുംബം ആഘോഷിച്ചു. തിരുനാളിനൊരുക്കമായുള്ള മൂന്ന് ദിവസങ്ങളിൽ പ്രത്യേക പ്രാർത്ഥന നടത്തി. തിരുനാൾദിനം വൈകീട്ട് 6 മണിക്ക് അഭിവന്ദ്യ പോളി പിതാവിന്റെ നേതൃത്വത്തിൽ ആഘോഷ

മായ കുർബ്ബാനയും തുടർന്ന് പൊതുമീറ്റിങ്ങും ഉണ്ടായിരുന്നു. സെന്റ് പോൾസ് ദിനത്തിനൊരുക്കമായി നടത്തിയ മത്സരങ്ങളിൽ വിജയിക ളായവർക്ക് ഉള്ള സമ്മാനങ്ങൾ അഭിവന്ദ്യപിതാവ് വിതരണം ചെയ്തു.

**9. ആരാധന :** രൂപതാപ്രാർത്ഥനാദിനമായ ജൂൺ 30-ാം തിയ്യതി ഞായ റാഴ്ച വൈദീക വിദ്യാർത്ഥികൾ രൂപതാ ആദ്ധ്യാത്മിക കേന്ദ്രത്തിൽ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുകയും നിയോഗിക്കപ്പെട്ട സമ യത്ത് ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

**10. സാമ്പത്തിക സഹായം നൽകിയവർ**

| | |
|---|---|
| 1. ശ്രീ. ആൻഡ്രൂസ് കെ.വി. കിഴക്കൂട്ട്, കൊമ്പത്തുകടവ് | 25000 |
| 2. ശ്രീമതി ആഞ്ചമ്മ ആന്റണി ചക്കാലക്കൽ, പുളിപ്പറമ്പ് | 25000 |
| 3. ശ്രീ. ഡേവിസ് കാട്ട്ള, ഇരിങ്ങാലക്കുട | 42000 |
| 4. ശ്രീ. ബിജു മുണ്ടൻമാണി, തൂമ്പാക്കോട് | 100000 |
| 5. ശ്രീമതി ലിസ ഫ്രാൻസിസ് ചാമവളപ്പിൽ, ഇരിങ്ങാലക്കുട | 30000 |
| 6. ശ്രീ. ജിയോപോൾ പട്ടേരി, ഇരിങ്ങാലക്കുട | 25000 |
| 7. ശ്രീ. ഷാരോൺ ഹാലി, ഫാ. ജോൺസൺ തറയിൽ | 25000 |
| 8. തൊണ്ടാംകുഴി വർക്കി ഭാര്യ റാണി, വെണ്ണൂർ | 92000 |
| 9. ലീജിയൻ ഓഫ് മേരി, ഇരിങ്ങാലക്കുട കമ്മീസിയം | 25000 |
| 10. എൽദോ വിജോ പറമ്പി, ഇരിങ്ങാലക്കുട | 25000 |

**ഫാ. വിൻസെന്റ് പാറയിൽ**
റെക്ടർ

## കൈക്കാരന്മാരുടെ സമ്മേളനം

നമ്മുടെ രൂപതയിൽ 2019-2020 വർഷത്തെ കൈക്കാരന്മാ രായി സേവനമനുഷ്ഠിക്കുന്നവർ ജൂലൈ 20 ശനിയാഴ്ച ഉച്ചക ഴിഞ്ഞ് 2.30 മുതൽ 4.30 വരെ രൂപതാഭവനത്തിൽ ഒരുമിച്ച് കൂടുന്നു. തദവസരത്തിൽ അജപാലനരംഗവുമായി ബന്ധപ്പെട്ടവരുടെയും ചാർട്ടേഡ് അക്കൗണ്ടന്റിന്റെയും ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാ ണ്. ഈ യോഗത്തിൽ കൈക്കാരന്മാർ നിർബന്ധമായും പങ്കെടു ക്കണമെന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**മോൺ. ആന്റോ തച്ചിൽ**
വികാരി ജനറാൾ




## റവ. സി. കാറ്റലീന സി.എം.സി.



ഇരിങ്ങാലക്കുട രൂപത കാറളം ഇടവക ചാക്കേരി ദേവസ്സി-റോസക്കുട്ടി എന്നിവരുടെ 9 മക്കളിൽ 4-ാമത്തെ മകളായി സി.കാറ്റലീന 16-01-1941 ൽ ജനിച്ചു. കർമ്മലയിലേക്കുള്ള തന്റെ വിളി തിരിച്ചറിഞ്ഞ സിസ്റ്റർ 1967ൽ ആദ്യവ്രതാർപ്പണവും 1972ൽ നിത്യവ്രതവാഗ്ദാനവും നടത്തി. 2017ൽ തന്റെ വ്രതബദ്ധജീവിതത്തിന്റെ സുവർണ്ണജൂബിലിയും ആഘോഷിക്കാൻ ഭാഗ്യം ലഭിച്ചു. ബുഹാംപുർ, നേപ്പ, ഒല്ലൂർ, എടത്തിരുത്തി, ഇരിങ്ങാലക്കുട എൽ.എഫ് എന്നിവിടങ്ങളിലാണ് സിസ്റ്റർ തന്റെ നിസ്തുലമായ സേവനം കാഴ്ചവച്ചത്. ദൈവത്തിന്റെ ഹിതത്തിന് പൂർണ്ണമായി സമർപ്പിച്ച് സന്തോഷത്തിന്റെ മാലാഖയായി സമൂഹത്തിൽ ജീവിച്ച് ഈശോയെ സ്നേഹിക്കണമെന്നതായിരുന്നു സിസ്റ്ററിന്റെ ജീവിതാദർശം. ഇരിങ്ങാലക്കുട എൽ.എഫ് മഠത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്ന സിസ്റ്റർ തന്റെ 78-ാമത്തെ വയസ്സിൽ 2019 മെയ് 31-ാം തിയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

---

## റവ. സി. ഔറേലിയ സി.എച്ച്.എഫ്.



എറണാകുളം അങ്കമാലി അതിരൂപത, മുരിങ്ങൂർ ഇടവക കല്ലേലി പരേതരായ ഔസേപ്പ് - ത്രേസ്യ ദമ്പതികളുടെ സന്താനമായി 08.04.1931ൽ ത്രേസ്യ ജനിച്ചു. പഠനത്തിനുശേഷം സമർപ്പണജീവിതം ആഗ്രഹിച്ച് കോൺവെന്റിൽ അർത്ഥിനിയായി വന്നു. സന്യാസപരിശീലനം പൂർത്തിയാക്കി 01.12.1954ൽ പ്രഥമ വ്രതവാഗ്ദാനത്തിലൂടെ സി. ഔറേലിയ എന്ന പേര് സ്വീകരിക്കുകയും 18.05.1959ൽ നിത്യവ്രതാർപ്പണം നടത്തുകയും ചെയ്തു. ചെമ്പൂക്കാവ്, താഴെക്കാട്, ആളൂർ, കുഴിക്കാട്ടുശ്ശേരി, എടക്കുളം, കൊച്ചി, കല്ലേറ്റുംകര, മണ്ണുത്തി, ആലുവ, പരിയാരം, പുത്തൻചിറ, ഇരിങ്ങാലക്കുട എന്നീ സ്ഥലങ്ങളിൽ തന്റെ ശുശ്രൂഷ സ്തുത്യർഹമായി നിർവ്വഹിച്ചു. ഹോളി ഫാമിലി കോൺവെന്റ് കുഴിക്കാട്ടുശ്ശേരിയിൽ വിശ്രമജീവിതം നയിക്കവെ ക്ഷീണിതയായി കാണപ്പെട്ട സിസ്റ്റർ അന്ത്യകൂദാശകൾ സ്വീകരിച്ച് 15.06.2019 ന് നിത്യസമ്മാനത്തിനായി സ്വർഗ്ഗീയ വസതിയിലേക്ക് യാത്രയായി. പരേത വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ സഹോദരൻ പൊറിഞ്ചുവിന്റെ കൊച്ചുമകളാണ്.



**റവ. സി. മാഗി സി.എച്ച്.എഫ്.**

തൃശൂർ അതിരൂപത പുത്തൻപീടിക ഇടവക യിൽ, തട്ടിൽ ഔസേപ്പ് - ത്രേസ്യ ദമ്പതികളുടെ സന്താനമായി 29.05.1950ൽ മാഗി ജനിച്ചു. ടി.ടി. സി. പഠനത്തിനുശേഷം സമർപ്പണ ജീവിതം ആഗ്ര ഹിച്ച് കോൺവെന്റിൽ അർത്ഥിനിയായി വന്നു. സന്യാസപരിശീലനം പൂർത്തിയാക്കി 28.05.1973ൽ പ്രഥമ വ്രതവാഗ്ദാനത്തിലൂടെ സി.മാഗി എന്ന പേര് സ്വീകരിക്കുകയും 26.5.1979ൽ നിത്യവ്ര താർപ്പണം നടത്തുകയും ചെയ്തു. ബീഹാർ, കുഴി ക്കാട്ടുശ്ശേരി, ആളൂർ സെന്റ് ജോസഫ്, കീൽക്കട്ട്ലൈ (ചെന്നൈ), കല്ലേറ്റുംകര, കൊടകര എന്നീ സ്ഥലങ്ങളിൽ തന്റെ ശുശ്രൂഷ സ്തുത്യർഹമായി നിർവ്വഹിച്ചു. കൊടകര ഡോൺബോസ്കോ കോൺവെന്റിൽ വിശ്രമജീവിതം നയിച്ചുകൊണ്ടിരിക്കെ സിസ്റ്റർ അന്ത്യ കൂദാശകൾ സ്വീകരിച്ച് 15.04.2019ന് നിത്യസമ്മാനത്തിനായി സ്വർഗ്ഗീയ വസതിയിലേക്ക് യാത്രയായി.

## പാക്സ്

**1. 2019 ജൂലൈ മാസത്തെ പരിപാടികൾ**

| | | |
|---|---|---|
| July | 1, 2, 3 | - Pre Cana |
| " | 12, 13, 14 | - Jesus Youth Programme |
| " | 15, 16, 17 | - Pre Cana |
| " | 29, 30, 31 | - Pre Cana |

**2. പ്രീകാന കോഴ്സ്**

ഒക്ടോബർ മാസം 14, 15, 16 തിയ്യതിയിൽ നടത്താനിരുന്ന പ്രീകാന കോഴ്സ് ഒക്ടോബർ 7, 8, 9 തിയ്യതികളിലേക്ക് മാറ്റിയിരിക്കുന്നു.

**3. ഹോം മിഷൻ**

ഇരിങ്ങാലക്കുട രൂപത കുടുംബ പ്രേഷിത കേന്ദ്രത്തിന്റെ നേതൃ ത്വത്തിൽ ബഹു. സിസ്റ്റേഴ്സ് നടത്തുന്ന 2019-2020 വർഷത്തിലെ പുതിയ ബാച്ച് ഹോം മിഷൻ ജൂൺ മാസം 9-ാം തിയ്യതി മുതൽ പൂവ്വ ത്തുശ്ശേരി ഇടവകയിൽ ആരംഭിച്ചു. ഹോം മിഷൻ ആവശ്യമുള്ള ഇട വകകൾ പാക്സുമായി ബന്ധപ്പെടുക. Contact Number – 0480-2880878, 2880439

**ഫാ. ജോസ് ഇരിമ്പൻ**
ഡയറക്ടർ

**1. ഇരിഞ്ഞാലക്കുട രൂപത കെ.സി.വൈ.എം. നു കേരള സംസ്ഥാന സർക്കാരിന്റെ അംഗീകാരം** : ഇരിഞ്ഞാലക്കുട രൂപത കെ.സി.വൈ. എം. ന്റെ നേതൃത്വത്തിൽ നടത്തി വരുന്ന ഡ്രോപ്സ് ഫോർ ലൈഫ് എന്ന രക്തദാന സംഘടനയുടെ കൂടുതൽ ക്യാമ്പുകൾക്ക് കേരള സർക്കാരിന്റെ അംഗീകാരം തിരുവനന്തപുരത്തു വെച്ച് ബഹു. ആരോഗ്യമന്ത്രി ശ്രീമതി. ഷൈലജ ടീച്ചറിൽ നിന്നും ഏറ്റുവാങ്ങി. കനകമല ഇടവകാംഗവും കെസിവൈഎം സംസ്ഥാന സെനറ്റ് അംഗവുമായ ഷിബു കെ ജോസഫിന്റെ നേതൃത്വത്തിലാണ് ഡ്രോപ്സ് ഫോർ ലൈഫ് രക്തദാന സംരഭം മികച്ച രീതിയിൽ മുന്നോട്ടു പോകുന്നത്. തിരുവനന്തപുരം നന്ദാവനം പോലീസ് അക്കാദമി ക്യാമ്പിൽ വെച്ചാണ് സെനറ്റ് അംഗം ഷിബു കെ ജോസഫ്, ഇരിഞ്ഞാലക്കുട രൂപത കെ. സി. വൈ. എം .ചെയർമാൻ ലിബിൻ ജോർജ്, സിൻഡിക്കേറ്റ് അംഗം എഡ്വിൻ ജോഷി, സെനറ്റ് അംഗം ജെയ്സൺ ചക്കേടത്ത്, എമിൽ ഡേവിസ്, നിഖിത വിന്നി എന്നിവർ ചേർന്ന് അംഗീകാരം ഏറ്റുവാങ്ങിയത്.

**2. പുകയിലവിരുദ്ധദിനത്തോടനുബന്ധിച്ച് കൂട്ടയോട്ടം :** പുകയില ഉപേക്ഷിക്കൂ, യുവത്വം നിലനിർത്തൂ എന്ന ആശയം മുൻനിർത്തി പുകയിലവിരുദ്ധദിനത്തിൽ കെ.സി.വൈ.എം. ഇരിങ്ങാലക്കുട രൂപതയുടെ നേതൃത്വത്തിൽ കൂട്ടയോട്ടം സംഘടിപ്പിച്ചു. ഇരിങ്ങാലക്കുട രൂപത കെ.സി.വൈ.എം ചെയർമാൻ ലിബിൻ ജോർജ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ചാലക്കുടി എക്സൈസ് എസ്.ഐ. ശ്രീ. രാധകൃഷ്ണൻ സാർ കൂട്ടയോട്ടം ഫ്ളാഗ് ഓഫ് ചെയ്തു. ഇരിങ്ങാലക്കുട രൂപത കെ.സി.വൈ.എം ഡയറക്ടർ റവ. ഫാ.ബെഞ്ചമിൻ ചിറയത്ത്, ചാലക്കുടി ഫൊറോന വികാരി വെരി. റവ. ഫാ.ജോസ് പാലാട്ടി, അസി.ഡയറക്ടർ റവ. ഫാ. മെഫിൻ തെക്കേക്കര, ജനറൽ സെക്രട്ടറി ജെറാൾഡ് ജേക്കബ്, വൈസ് ചെയർപേഴ്സൻ ഡെൽജി ഡേവീസ്, സംസ്ഥാന സിൻഡിക്കേറ്റ് അംഗം എഡ്വിൻ ജോഷി, സെനറ്റ് അംഗം ഷിബു ജോസഫ്, മെൽസൺ ആന്റണി, വിബിൻ വർഗീസ്, എമിൽ ഡേവീസ്, ജിൻസൻ, ക്രിസ്റ്റോ ഡേവീസ്, അഭിലാഷ്, തുടങ്ങിയവർ സംസാരിച്ചു.200 ഓളം പേർ കൂട്ടയോട്ടത്തിൽ പങ്കെടുത്തു.

**3. പ്രകൃതി പരിപാലനത്തിന്റെ ഭാഗമായി കെ.സി.വൈ.എം. പരിസ്ഥിതി ദിനാചരണം** : കെ.സി.വൈ.എം. സംസ്ഥാന സമിതിയും ഇരിങ്ങാലക്കുട രൂപത കെ.സി.വൈ.എം.ഉം സംയുക്തമായി പരിസ്ഥിതി ദിനാചരണം 2019 കാറളം ഹോളിട്രിനിറ്റി ദേവാലയത്തിൽ

വച്ച് നടത്തി. കെസിവൈഎം സംസ്ഥാന പ്രസിഡണ്ട് സിറിയക് ചാഴിക്കാടൻ അധ്യക്ഷത വഹിച്ച യോഗത്തിൽ വെള്ളികുളങ്ങര ഫോറസ്റ്റ് റേഞ്ച് ഓഫീസർ ശ്രീ. മാത്യു ടി. എസ്. യോഗം ഉദ്ഘാടനം ചെയ്തു. ഇരിങ്ങാലക്കുട ബ്ലോക്ക് പ്രസിഡണ്ട് ശ്രീ. മനോജ് കുമാർ, ഡയറക്ടർ ഫാ. ബെഞ്ചമിൻ ചിറയത്ത്, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. ജോർജ് തോമസ്, ഫാ. മെഫിൻ തെക്കേക്കര, രൂപത ചെയർമാൻ ലിബിൻ ജോർജ്, സംസ്ഥാന ജനറൽ സെക്രട്ടറി ബിജോ പി ബാബു, റോസ് മോൾ, ജെറാൾഡ് ജേക്കബ്, ഡെന്നി ഡേവിസ്, എഡ്വിൻ ജോഷി, ജയ്സൺ ചക്കേടത്ത് , ഷെഫിൻ റാഫി, ടിറ്റോ തോമസ്, മെൽസൺ ആന്റണി, ജിൻസൺ, അൻവിൻ, വിപിൻ ആൻഡ്രിയ, ഡേവിഡ് ബെൻഷർ, ഡെൽജി ഡേവിസ്, ആൽബിൻ, അനിൽ തോമസ് എന്നിവർ സംസാരിച്ചു. പ്ലാസ്റ്റിക് ഉപേക്ഷിക്കൂ ഭൂമിയെ സംരക്ഷിക്കൂ എന്ന ആപ്തവാക്യം മുൻനിർത്തിക്കൊണ്ട് വിവിധ യൂണിറ്റുകളിൽ നിന്ന് റീസൈക്കിളിനായി 7000 പ്ലാസ്റ്റിക് ബോട്ടിലുകൾ കളക്ട് ചെയ്ത് കാറളം പ്ലാസ്റ്റിക് റീസൈക്ലിങ് പ്ലാന്റിൽ എത്തിക്കുകയും വൃക്ഷത്തൈകൾ നടുകയും ചെയ്തു വിവിധ യൂണിറ്റുകളിൽ നിന്നായി 300 യുവതി യുവാക്കൾ പങ്കെടുത്തു.

**4. സമാധാന സന്ദേശ യാത്ര:** ഭീകരവാദത്തിനും വർഗീയതക്കുമെതിരെ ലോകസമാധാന ത്തിനായി കെസിവൈഎം സംസ്ഥാന പ്രസിഡണ്ട് സിറിയക് ചാഴിക്കാടൻ കാസർകോട് മുതൽ കന്യാകുമാരി വരെ നയിക്കുന്ന സമാധാന സന്ദേശയാത്രയ്ക്ക് ഇരിങ്ങാലക്കുട രൂപത നേതൃത്വത്തിൽ ഉജ്ജ്വല സ്വീകരണം നൽകി. ഇരിങ്ങാലക്കുടയിൽ നിന്ന് വാഹന അകമ്പടിയോടുകൂടി സെൻറ് ജോസഫ് കോളേജിലേക്ക് സന്ദേശ യാത്രയെ സ്വീകരിച്ചു. തുടർന്ന് നടന്ന സ്വീകരണ യോഗം ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. രൂപത ചെയർമാൻ ലിബിൻ ജോർജ് അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് സിറിയക് ചാഴികാടൻ, സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ തോമസ് ചാലക്കര, ഡോ. ഫാ. ബെഞ്ചമിൻ ചിറയത്ത്, ചീഫ് ഇമാം സിയാദ് ഫൈസൽ, കെ. ആർ. സുകുമാരൻ, സംസ്ഥാന ജനറൽ സെക്രട്ടറി ബിജോ പി. ബാബു, ജെറാൾഡ് ജേക്കബ്, തേജസ്സ് മാത്യു, റോസ്മോൾ, ഡെൽജി ഡേവിസ്, എഡ്വിൻ ജോഷി, ജെയ്സൺ ചക്കേടത്ത്, ഷിബു ജോസഫ്, അൻവിൻ വിൽസൺ, മേൽസൺ ആന്റണി, എമിൽ ഡേവിസ്, ജാക്ക് ചെറിയാൻ, ഡാലിയ ഡേവിസ്, നിഖിൽ ലിയോൺസ്, ആൽവിൻ തുടങ്ങിയവർ സംസാരിച്ചു.

**ഫാ. ബെഞ്ചമിൻ ചിറയത്ത്**
ഡയറക്ടർ

ഇരിങ്ങാലക്കുട രൂപത ബ്ലസ്സ് എ ഹോം പദ്ധതിയിൽ നിന്ന് 1540 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേയ്ക്ക് ഇപ്പോൾ ഏഴു കോടി നാൽപത്തിഅഞ്ചു ലക്ഷത്തി ഇരുപതിനായിരത്തി എൺപത്തി ആറ് (7,45,20,086) രൂപ നൽകി.

**1. ബ്ലസ് എ ഹോമിലേയ്ക്ക് സംഭാവന നല്കിയവർ**

| | | |
|---|---|---|
| 1. | സ്റ്റെഫാനി ഗയ്ൽസ് പൊറത്തൂർ വെള്ളാറ്റഞ്ഞൂർ | 5000 |
| 2. | ലില്ലി പോൾ അവിട്ടത്തുർ | 6000 |
| 3. | ജോയ് ആലുക്കാസ് ഫൗണ്ടേഷൻ തൃശ്ശൂർ | 40000 |
| 4. | ചോനാടൻ ഓർക്കിഡ് കർട്ടൻ കൊടകര | 5000 |
| 5. | ഫാ. സിന്റു ചക്കാലയ്ക്കൽ പോട്ട | 5000 |
| 6. | ആൽഡ്രിൻ ജിയോ അനുമോൻ കണ്ണൂക്കാടൻ കൊമ്പൊടിഞ്ഞാമക്കൽ | 12000 |
| 7. | അൽവേർണിയ പ്രൊവിൻഷ്യൽ ഹൗസ്, ചാലക്കുടി | 10000 |
| 8. | അരിക്കാട്ട് കുടുംബയോഗം, ആളൂർ | 25000 |
| 9. | സെന്റ് സെബാസ്റ്റ്യൻ ചർച്ച് പൊറത്തുശ്ശേരി | 12000 |
| 10. | ഊക്കൻ കുടുംബയോഗം എടക്കുളം | 10000 |
| 11. | ഹോളി ഫാമിലി സ്പിരിച്ച്വാലിറ്റി സെന്റർ പുത്തൻചിറ | 5000 |
| 12. | അൽഫോൻസ ചർച്ച് വല്ലകുന്ന് | 6500 |
| 13. | വനിത കമ്മീഷൻ സെന്റ് സെബാസ്റ്റ്യൻ ചർച്ച് കുറ്റിക്കാട് | 12000 |
| 14. | ജോൺ ഫ്രാൻസിസ് കണ്ടംകുളത്തി ഇരിങ്ങാലക്കുട | 10000 |
| 15. | ഫാ. ജോർജ്ജ് പാറമ്മേൻ | 5000 |
| 16. | ഹോളി ട്രിനിറ്റി ചർച്ച് കാറളം | 20000 |
| 17. | ചാക്കോ കാക്കനാട്ട് | 20000 |
| 18. | പോളി മാമ്പിള്ളി മാള | 6000 |
| 19. | എം. ടി. & ജെ. വി. പ്രയർ ഹൗസ് കുഴിക്കാട്ടുശ്ശേരി | 15000 |
| 20. | നിധിൻ പൗലോസ് പൊന്നൂക്കര | 10000 |
| 21. | പ്രസാദവര നാഥ ചർച്ച് ആളൂർ (പ്രഥമദിവ്യകാരുണ്യം - സ്ഥൈര്യലേപനം കുട്ടികളുടെ സമർപ്പണം) | 12000 |
| 22. | എഫ്.സി.സി. അൽവേർണ്ണിയ പ്രോവിൻഷ്യൽ ഹൗസ്, ചാലക്കുടി | 10,000 |
| 23. | മോൺ. എഫ്രേം മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റി, കാട്ടൂർ | 12,000 |
| 24. | സി.എച്ച്.എഫ്. പാവനാത്മ പ്രൊവിൻഷ്യൽ ഹൗസ്, കല്ലേറ്റുംകര | 10, 000 |

| | |
|---|---|
| 25. സെന്റ് അന്റണീസ് ചർച്ച്, ചായ്പ്പൻകുഴി | 32,070 |
| **ആകെ** | **3,35,570** |

**2. പ്രളയത്തിൽ സംഭാവന നല്കിയവർ**

| | |
|---|---|
| 1. എൽ. എഫ് ചർച്ച് പോട്ട | 34000 |
| 2. സെന്റ് ജോസഫ് ചർച്ച് വള്ളിവട്ടം | 5000 |
| 3. സെന്റ് അൽഫോൻസ ചർച്ച് വല്ലകുന്ന് | 30000 |
| 4. പ്രസാദവര നാഥ ചർച്ച് ആളൂർ വെസ്റ്റ് | 15000 |
| 5. സെന്റ് ആന്റണീസ് ചർച്ച് പാദുവാനഗർ | 5000 |
| 6. സെന്റ് മേരീസ് ചർച്ച് ആളൂർ ഈസ്റ്റ് | 56000 |
| 7. നിത്യസഹായമാത ചർച്ച് കൂടപ്പുഴ | 6000 |
| 8. സെന്റ് സെബാസ്റ്റ്യൻ ചർച്ച് കല്ലംകുന്ന് | 5000 |
| 9. സെന്റ് ആന്റണീസ് ചർച്ച് പേരാമ്പ്ര | 15000 |
| 10. സെന്റ് ജോസഫ് ചർച്ച് പഴൂക്കര | 12000 |
| 11. സെന്റ് മേരീസ് ചർച്ച് തേശ്ശേരി | 28000 |
| 12. സെന്റ് ജോസഫ്സ് ചർച്ച്, പുത്തൻചിറ ഈസ്റ്റ് | 25,500 |
| **ആകെ** | **2,36,500** |

**ഫാ. സീജോ ഇരിമ്പൻ**
ഡയറക്ടർ

## മാതൃസംഘം

**1. മാതൃസംഗമം എലിഞ്ഞിപ്ര യൂണിറ്റ്**

എല്ലാ മാസവും നടത്തിവരാറുള്ള മാതൃസംഗമം ചാലക്കുടി ഫൊറോന മാതൃസംഘം സമിതിയുടെ ആഭിമുഖ്യത്തിൽ എലിഞ്ഞിപ്ര മാതൃസംഘത്തിന്റെ ആതിഥേയത്തിൽ ജൂലൈ 20ന് എലിഞ്ഞിപ്ര ലൂർദ്ദ് മാത പള്ളിയിൽവച്ച് നടക്കുന്നു.

**ഫാ. ജോയ് തറയ്ക്കൽ**
ഡയറക്ടർ



## സ്മരണാഞ്ജലി

റവ. ഫാ. ജേക്കബ് എളങ്കുന്നപ്പുഴ : 01. 07. 1979
മോൺ. ജോർജ്ജ് തെക്കേക്കര : 28. 07. 1982
റവ. ഫാ. ജോൺ ചെറുനിലം : 31. 07. 1984
റവ. ഫാ. ആന്റണി കിഴക്കൂടൻ : 30. 07. 1995

**1. സോഷ്യൽ ആക്ഷൻ ഫോറത്തിന് പുരസ്കാരം**

കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷന്റെ ആഭിമുഖ്യത്തിലുള്ള കേരള സോഷ്യൽ സർവീസ് ഫോറം, രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള പ്രളയാനന്തര പുനരധിവാസ പ്രവർത്തന ഡോക്യുമെന്ററിക്ക് സോഷ്യൽ ആക്ഷൻ ഫോറത്തിന് പുരസ്കാരം ലഭിച്ചു. 2017-18 വർഷത്തിലെ ആനുവൽ ആക്ടിവിറ്റി റിപ്പോർട്ട് കേരള കാത്തലിക് ബിഷപ് കൗൺസിലിന്റെ പ്രത്യേക അനുമോദന പുരസ്കാരത്തിന് അർഹമായി. 2017-ലെ ഓകി ദുരന്തത്തിനും 2018-ലെ പ്രളയ ദുരന്തത്തിനും സ്തുത്യർഹമായ ജീവൻ രക്ഷാ സേവനം ചെയ്തതിനും കേരള കാത്തലിക് ബിഷപ് കൗൺസിലിന്റെ പ്രത്യേക പുരസ്കാരം ലഭിച്ചു. ജൂൺ ഏഴിന് കോട്ടയത്ത് കെ.എസ്.എസ്.എഫ് ഓഫീസിൽ നടന്ന ചടങ്ങിൽ കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ വൈസ് ചെയർമാൻ മാർ ജോസഫ് പൊരുന്നേടത്തിൽനിന്നും എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. വർഗീസ് കോന്തുരുത്തി പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.

**2. സോഷ്യൽ ആക്ഷൻ ഫോറം എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ്**

സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ജൂലൈ ആറിന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00-ന് സോഷ്യൽ ഫോറം കോൺഫറൻസ് ഹാളിൽ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ അധ്യക്ഷതയിൽ ചേരും. 2019-'20 വർഷത്തിലെ പ്രവർത്തനപരിപാടികൾ ആസൂത്രണംചെയ്യും.

**3. സോഷ്യൽ ആക്ഷൻ ഫോറം ജനറൽബോഡി യോഗം**

സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ ജനറൽബോഡി യോഗം സോഷ്യൽ ഫോറം ഓഡിറ്റോറിയത്തിൽ ജൂലൈ ആറിന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 02.30-ന് മോൺ. ആന്റോ തച്ചിൽ അവറുകളുടെ അധ്യക്ഷതയിൽ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് ഉദ്ഘാടനം ചെയ്യും. 2018-'19 വർഷത്തിലെ പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ്ചെയ്ത വരവുചിലവു കണക്കുകളും സെക്രട്ടറി ഫാ. വർഗീസ് കോന്തുരുത്തി അവതരിപ്പിക്കും. 2019-'20 വർഷത്തിലെ തുടർപ്രവർത്തനങ്ങൾക്കുള്ള മാർഗരേഖ അവതിപ്പിച്ച് ചർച്ചചെയ്യും. 2018-'19 വർഷത്തിലെ വാർഷിക പ്രവർത്തന റിപ്പോർട്ട് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് സോഷ്യൽ ആക്ഷൻ ഫോറം വൈസ് പ്രസിഡന്റ് ശ്രീ. യു.ജെ.പോൾസന് നല്കി പ്രകാശനംചെയ്യും. അസോ. ഡയറക്ടർമാരായ ഫാ. റോബിൻ പാലാട്ടി സ്വാഗതവും അഡ്മിൻ ജോസ് ഇ.ജെ. നന്ദിയും പറയും.

4. **ആശാനിലയം സ്പെഷ്യൽ സ്കൂൾ പ്രവേശനോത്സവം**

ഭിന്നശേഷിയുള്ള കുട്ടികളുടെ പഠന പരിശീലന കേന്ദ്രങ്ങളായ കൊറ്റനെല്ലൂരിലെ ആശാനിലയം സ്പെഷ്യൽ സ്കൂളിലെ പ്രവേശനോത്സവം ജൂൺ ആറിന് ഡയറക്ടർ ഫാ. വർഗീസ് കോന്തുരുത്തി ഉദ്ഘാടനംചെയ്തു. പ്രിൻസിപ്പൽ റവ. സിസ്റ്റർ റോസമ്മ ചിറപ്പുറത്ത് സ്വാഗതവും സ്റ്റാഫ് സെക്രട്ടറി നന്ദിയും അർപ്പിച്ചു.

5. **സാന്തോം സ്പെഷ്യൽ സ്കൂൾ പ്രവേശനോത്സവം**

കൊടുങ്ങല്ലൂർ സാന്തോം സ്പെഷ്യൽ സ്കൂളിലെ പ്രവേശനോത്സവം ജൂൺ ആറിന് എടമുക്ക് സെന്റ് ജോസഫ് കോൺവന്റ് സുപ്പീരിയർ റവ. സിസ്റ്റർ ജെസി ഉദ്ഘാടനംചെയ്തു. പ്രിൻസിപ്പൽ റവ. സിസ്റ്റർ ടെസി അധ്യക്ഷത വഹിച്ചു. ശ്രീമതി ഐസി ടീച്ചർ സ്വാഗതവും പി.ടി.എ. പ്രസിഡന്റ് ശ്രീ. ഇസ്മയിൽ നന്ദിയും പറഞ്ഞു.

6. **ഫ്ളഡ് റിക്കവറി പ്രോഗ്രാം**

